# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.392 26-04-2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.കെ.എസ്. ശബരീനാഥൻ | ഡോ.ടി.എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

<u>**നോട്ട് അസാധുവാക്കൽ**</u>

| | | |
| --- | --- | --- |
| (എ) | നോട്ട് അസാധുവാക്കലിനെത്തുടർന്നുള്ള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ എന്തെല്ലാം ആഘാതമേല്പിച്ചു എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | നോട്ട് അസാധുവാക്കലിനെ തുടർന്നുള്ള മാന്ദ്യം മറികടക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | നോട്ട് അസാധുവാക്കലിനെ തുടർന്നുള്ള നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.<br><br><u>**ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ**</u><br>1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.<br>2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി |

എസ് ബി അക്കൗണ്ട് തുറന്ന് കൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.
4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി
5. ട്രഷറികളിലെ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി കെ.എസ്.എഫ്.ഇ., ലോട്ടറി, ബിവറേജസ് കോർപ്പറേഷൻ എന്നിവയുടെ വരുമാനം കറൻസിയിൽ ട്രഷറികളിൽ ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ ഫലമായി ട്രഷറികളിലെ കറൻസി ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

**<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ</u>**

1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.
2. നോട്ടു നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി) നാലായിരത്തിലധികം കോടി രൂപയുടെ

| | | |
|---|---|---|
| | | പദ്ധതികൾക്ക് അംഗീകാരം നൽകി.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.<br>4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കി. നടപ്പ സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.<br>5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000 ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് **1000** സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.<br>6. കോർ-ബാങ്കിംഗ് നെറ്റ് വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി നടപ്പ വർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോൽസാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്. |
| (സി) | ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേലുള്ള യുള്ള കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ് |

**സെക്ഷൻ ഓഫീസർ**